# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 225 09.06.2014-ൽ മറുപടിയ്ക്ക്

## ബലാത്സംഗം ആരോപിച്ച് ലഭിച്ച പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീമതി.കെ.എസ്. സലീഖ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ വക ഹോട്ടലിൽ വിളിച്ചവരുത്തി തന്നെ ബലാത്സംഗം ചെയ്തു എന്നാക്ഷേപിച്ചുകൊണ്ട് ഒരു നിയമസഭാ സാമാജികനെതിരെ തിരുവനന്തപുരത്തെ വനിതാ പോലീസ് സ്റ്റേഷനിൽ പരാതി ലഭ്യമായിട്ടുണ്ടോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പരാതിയെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി; | (ബി) | പരാതിക്കാരിയായ സരിത. എസ്. നായരുടെ പരാതി സംബന്ധിച്ച് വനിതാ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 6/2014 U/s 354, 354(A) 376 & 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ ശ്രീമതി. അജിതാ ബീഗം ഐ.പി.എസിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി 38 ഓളം ആൾക്കാരെ കണ്ടെത്തി മൊഴിരേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പരാതിക്കാരിയുടെ മൊഴി എടുത്തിട്ടുണ്ടോ; പരാതി ഉന്നയിക്കപ്പെട്ട ആളിനെ പോലീസ് ചോദ്യം ചെയ്യുകയുണ്ടായോ; | (സി) | പരാതിക്കാരിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥന് രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതും എന്നാൽ സെക്ഷൻ 164 CrPC പ്രകാരം ടിയാൻ കോടതി മുമ്പാകെ 3.6.14 ൽ മൊഴി നൽകിയിട്ടുള്ളതുമാണ്. പരാതി ഉന്നയിക്കപ്പെട്ട ആളിനെ ചോദ്യം ചെയ്തിട്ടില്ലാത്തതാണ്. |
| (ഡി) | ബലാത്സംഗം ആരോപിച്ച് പോലീസിന് ലഭിച്ച പരാതിയെ തുടർന്നുള്ള അന്വേഷണത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് , പോലീസ് എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ? | (ഡി) | ബലാത്സംഗം ആരോപിച്ച് പോലീസിന് ലഭിച്ച പരാതിയെ തുടർന്നുള്ള അന്വേഷണത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് 3575 പേരെ അറസ്റ്റു ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ